6640
11/6/15

## കേരള സർക്കാർ

### സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - പ്രോഗ്രാം ഓഫീസർമാരായ ശ്രീമതി.റ്റി.പി.സാറാമ്മ, ശ്രീമതി.പി.ലൈല, ശ്രീമതി.ടി.വിമല എന്നിവർക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേയ്ക്ക് താത്ക്കാലിക ഉദ്യോഗക്കയറ്റം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 293/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 27.05.2015.

=====================================================================

പരാമർശം:- സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 13.05.2015-ലെ ഇ11-20171/13 നമ്പർ കത്ത്.

### ഉത്തരവ്

സാമൂഹ്യനീതി വകുപ്പിൽ പ്രോഗ്രാം ഓഫീസറായി ജോലി നോക്കി വരുന്നതും പ്രോഗ്രാം ഓഫീസർമാരുടെ സീനിയോറിറ്റിയിൽ മൂന്നാമതായി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ടി.വിമല 31.05.2015-ന് സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ ടിയാൾക്കും ടിയാളെക്കാൾ സീനിയറായ ശ്രീമതി.റ്റി.പി.സാറാമ്മ, ശ്രീമതി.പി.ലൈല എന്നീ ജീവനക്കാർക്കും ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ നിലവിൽ ഒഴിവുള്ളതും, റേഷ്യോ പ്രകാരം പ്രോഗ്രാം ഓഫീസർമാർക്ക് അർഹതപ്പെട്ടതുമായ ഒഴിവിലേയ്ക്ക് താത്ക്കാലിക ഉദ്യോഗക്കയറ്റം അനുവദിക്കണമെന്ന് പരാമർശ പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും, ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിനായുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിലും താത്ക്കാലിക ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനുള്ള വിലക്കിൽ ഇളവ് വരുത്തി തികച്ചും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 31.05.2015-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന കണ്ണൂർ പ്രോഗ്രാം ഓഫീസർ, ശ്രീമതി.ടി.വിമലയെ നിലവിൽ ഒഴിവുള്ള കണ്ണൂർ ജില്ലാ സാമൂഹ്യനീതി ഓഫീസിലും, കോഴിക്കോട് പ്രോഗ്രാം ഓഫീസർ, ശ്രീമതി.റ്റി.പി.സാറാമ്മയെ കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസിലും, മലപ്പുറം പ്രോഗ്രാം ഓഫീസർ, ശ്രീമതി.പി.ലൈലയെ പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസിലും ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ താത്ക്കാലിക ഉദ്യോഗക്കയറ്റം നൽകി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി.റ്റി.പി.സാറാമ്മ, പ്രോഗ്രാം ഓഫീസർ, കോഴിക്കോട്
ശ്രീമതി.പി.ലൈല, പ്രോഗ്രാം ഓഫീസർ, മലപ്പുറം
ശ്രീമതി.ടി.വിമല, പ്രോഗ്രാം ഓഫീസർ, കണ്ണൂർ
} (സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.